# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 726** — **30.06.2015- ൽ മറുപടി.**

## കണ്ണൂർ ജില്ലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് വിദൂര ഗ്രാമീണ മേഖലാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (എ) സർക്കാരിന്റെ ജി.ഒ (എം.എസ്)നം.55/2014/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി 11.02.2014 എന്ന ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ താഴെ പറയുന്ന ആരോഗ്യ കേന്ദ്രങ്ങളെ വിദൂര ഗ്രാമീണ മേഖലാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. പി.എച്ച്.സി. അങ്ങാടിക്കടവ്<br>2. പി.എച്ച്.സി. പെരുവ<br>3. ജി.ആർ.ഡി. മലപ്പട്ടം<br>4. പി.എച്ച്.സി. കാരിക്കോട്ടക്കരി (എസ്.സി.പി)<br>5. പി.എച്ച്.സി. കുടിയാൻമല<br>6. പി.എച്ച്.സി. ആലക്കോട്-മണക്കടവ്<br>7. പി.എച്ച്.സി.പേരാവൂർ (ട്രൈബൽ മൊബൈൽ യൂണിറ്റ്)<br>8. ട്രൈബൽ മൊബൈൽ യൂണിറ്റ്, ആറളം<br>9. പി.എച്ച്.സി. പുളിങ്ങോം |
| (ബി) ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തെ വിദൂര ഗ്രാമീണമേഖലാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ ദുർഘടത, കുടിവെള്ളം, വൈദ്യുതി വാർത്താവിനിമയം, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത/അപ്രാപ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ദുർഘട ഗ്രാമീണമേഖലയിൽ ഉൾപ്പെടുത്തുന്നത്. |
| (സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്രം വിദൂര ഗ്രാമീണ മേഖലാ പട്ടികയിൽ നിന്നും ഒഴിവാക്കിയതു പുനർപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | (സി) ലഭിച്ചിട്ടുണ്ട്. |

(മറുപുറം...)

(ഡി) പ്രസ്തുത നിവേദനപ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രസ്തുത അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ